**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 831 25.07.2012-ൽ മറുപടിക്ക്

**വിജ്ഞാൻഭാരതി പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. വർക്കല കഹാർ<br>ശ്രീ. കെ.ശിവദാസൻ നായർ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. ഹൈബി ഈഡൻ** | | **കുമാരി പി.കെ.ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)** | |
| എ) | 'വിജ്ഞാൻഭാരതി' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | എ) | പട്ടികവർഗ്ഗക്കാരുടെ തനതു സംസ്കാരവും കലകളും അന്യംനിന്നു പോകാത്തവിധത്തിൽ കലയും ജീവിതരീതിയും കോർത്തിണക്കി എൽ.കെ.ജി മുതൽ പന്ത്രണ്ടാം ക്ലാസു വരെ സി. ബി. എസ്. ഇ പാഠ്യപദ്ധതിയിലുള്ള സ്കൂൾവിദ്യാഭ്യാസത്തിനും ഐ.റ്റി.ഐ/പോളിടെക്നിക് എന്നിവയിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനും ബിരുദ-ബിരുദാനന്തര തലങ്ങളിലുള്ള കലാലയ വിദ്യാഭ്യാസത്തിനുമായി 6000 വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ലഭ്യമാകുന്ന വിധത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 'വിജ്ഞാൻ ഭാരതി' എന്ന പേരിൽ ഒരു മാതൃകാ വിദ്യാഭ്യാസ കേന്ദ്രം ആരംഭിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |
| ബി) | എവിടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്; | ബി) | ഈ പ്രോജക്റ്റ് വയനാട് ജില്ലയിലെ മാനന്തവാടിയിലുള്ള പ്രിയദർശിനി ടീ എസ്റ്റേറ്റിലെ 100 ഏക്കർ സ്ഥലത്ത് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| സി) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വിദ്യാഭ്യാസ സൗകര്യത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; | സി) | പട്ടികവർഗ്ഗക്കാരുടെ തനതു സംസ്കാരവും കലകളും അന്യംനിന്നു പോകാത്തവിധത്തിൽ കലയും ജീവിതരീതിയും കോർത്തിണക്കി എൽ.കെ.ജി മുതൽ പന്ത്രണ്ടാം ക്ലാസു വരെ സി. ബി. എസ്. ഇ പാഠ്യപദ്ധതിയിലുള്ള സ്കൂൾവിദ്യാഭ്യാസത്തിനും ഐ.റ്റി.ഐ/പോളിടെക്നിക് എന്നിവയിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനും ബിരുദ-ബിരുദാനന്തര തലങ്ങളിലുള്ള കലാലയ വിദ്യാഭ്യാസത്തിനുമായി 6000 വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ലഭ്യമാകുന്ന വിധത്തിലുള്ള ഒരു പദ്ധതിയാണ് വിഭാവനം ചെയ്യുന്നത്. ഇതിനു പുറമെ, മെഡിക്കൽ/ എഞ്ചിനീയറിംഗ് കോച്ചിംഗ് സെന്ററുകൾ, ജോലി നേടുന്നതിനുള്ള ഫിനിഷിംഗ് സ്കൂൾ എന്നിവയും ഇതിനോടനുബന്ധമായി ആരംഭിക്കാവുന്നതാണ്. 10 വർഷം കൊണ്ട് ഈ പദ്ധതി പൂർത്തീകരിക്കുമ്പോൾ പതിനായിരത്തിലധികം കുട്ടികൾ താമസിച്ചു പഠിക്കുന്ന ഒരു വലിയ മാതൃകാ സ്ഥാപനമായി ഇതു മാറുന്നതാണ്. |
| ഡി) | പ്രസ്തുത പദ്ധതിയുടെ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | ഡി) | പ്രസ്തുത പദ്ധതിക്കാവശ്യമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് മാനന്തവാടി സബ്കളക്റ്ററായ ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ്-നെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**